**പതിമൂന്നാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1027 **02.12.2015** ലെ മറുപടിക്ക്

<u>ഭൂരഹിതരായ പട്ടികജാതിക്കാർക്ക് ഭൂമി</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.ടി.എൻ.പ്രതാപൻ<br>ശ്രീ.കെ.ശിവദാസൻ നായർ** | | **ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** | |
| (എ) | ഭൂരഹിതരായ പട്ടികജാതിക്കാർക്ക് ഭൂമി നൽകുന്നതിന് പദ്ധതി ആരംഭിച്ചിട്ടുണ്ടോയെന്നും എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്നും വിശദമാക്കുമോ; | (എ) | ഉണ്ട്. സംസ്ഥാനത്തെ ഭൂരഹിതരായ എല്ലാ പട്ടികജാതി കുടുംബങ്ങളെയും ഘട്ടം ഘട്ടമായി സ്വന്തമായി ഭൂമിയുള്ളവരായി മാറ്റുക എന്നതാണ് നിലവിലുള്ള ഭൂരഹിത പുനരധിവാസ പദ്ധതിയുടെ ഉദ്ദേശ്യം. |
| (ബി) | പ്രസ്തുത പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന വിശദമാക്കുമോ? | (ബി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന ഗ്രാമസഭ / വാർഡ് സഭാ ലിസ്റ്റിൽ നിന്നും കൂടാതെ പട്ടികജാതി വികസന വകുപ്പ് നേരിട്ടും അർഹരായ പട്ടികജാതി ഗുണഭോക്താക്കളെ കണ്ടെത്തി അവർക്ക് പഞ്ചായത്തുകളിൽ പരമാവധി 5 സെന്റ് ഭൂമി വാങ്ങുന്നതിന് 3.75 ലക്ഷം രൂപയും മുൻസിപ്പാലിറ്റികളിൽ 3 സെന്റ് ഭൂമി വാങ്ങുന്നതിന് 4.50 ലക്ഷം രൂപയും കോർപ്പറേഷനുകളിൽ 3 സെന്റ് ഭൂമി വാങ്ങുന്നതിന് 6 ലക്ഷം രൂപയുമാണ് ഈ പദ്ധതി പ്രകാരം അനുവദിക്കുന്നത്.<br>2015-16 സാമ്പത്തിക വർഷത്തിൽ ഭൂരഹിതപുനരധിവാസ പദ്ധതി നടപ്പിലാക്കുന്നതിന് 150 കോടി രൂപയ്ക്ക് ഭരണാനുമതി നല്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ